<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന IAS)

ഉത്തരവ് നം. SJD/4215/2021-C1

തിരുവനന്തപുരം,
തീയതി. 06/01/2022

---

| | |
|---|---|
| വിഷയം: | സാ.നീ.വ -പ്രൊബേഷൻ ആൻറ് ആഫ്റ്റർ കെയർ-ജില്ലാ പ്രൊബേഷൻ ഓഫീസ്-വയനാട്-നേർവഴി 2021-22 ജയിൽ തടവ്ക്കാർക്കുള്ള നിയമബോധന ക്ലാസ്സ്, ജിവിത നെയപുണ്യ പരിശിലന പരിപാടി പ്രൊപോസൽ അന്ഗീകരിച്ച തുക അനുവദിച്ച ഉത്തരവാകുന്നു. |
| പരാമർശം : | 1) സ.ഉ (സാധാ )നം 541/21/SJD തീയതി 05/08/21<br>2) സാ.നീ. ഡയറക്ടറുടെ 16/09/2021 തീയതിയിലെ SJD/689/21-C1 നം കത്ത്<br>3)വയനാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 30/11/21 തീയതിയിലെ - DPO/W/153/21 നം കത്ത് |

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യ പ്രതിരോധ നിയമമായ പ്രൊബേഷൻ ഓഫ് ഒഫെൻഡേഴ്സ് ആക്ട് 1958 ആധുനികവൽക്കരിച്ചും കൂടുതൽ കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നേർവഴി പദ്ധതി നടപ്പുവർഷം തുടരുന്നതിനും ആയതിലേക്ക് 1,07,00,000/- രൂപ ഫണ്ട് അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. നേർവഴി പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത് 18-30 വയസ്സിനിടയിൽ പ്രായമുള്ള കുറ്റാരോപിതരിൽ സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ നടത്തി റെസിഡിവിസം കുറയ്ക്കുന്നതിനും അവരിൽ ലക്ഷ്യബോധം ഉണ്ടാക്കുകയും വ്യക്തിത്വവികസനം സാധ്യമാക്കി അവരെ പുനരുദ്ധരിക്കുകയുമാണ്. ആയതിലേക്കുള്ള ഒരു പ്രവർത്തനമെന്ന നിലയിൽ ടി ഉത്തരവിൽ കമ്പോണന്റ് നമ്പർ 16 ആയി Programme for beneficiaries including Literacy camps, IEC Board Making, IEC Materials etc എന്ന ഇനത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ സബ്ജയിൽ, ജില്ലാ ജയിൽ എന്നിവിടങ്ങളിൽ തടവിൽ കഴിഞ്ഞുവരുന്ന 18-30 നിടയിൽ പ്രായമുള്ള കുറ്റാരോപിതരിൽ നിയമ ബോധന ക്ലാസുകൾ, ജീവിത നൈപുണ്യ പരിശീലനം എന്നിവ നടത്തുന്നതിനുള്ള പ്രൊപ്പോസൽ

പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

ലക്ഷ്യ വിഭാഗം :

വയനാട് ജില്ലയിലെ സ്പെഷ്യൽ സബ്ജയിൽ, ജില്ലാജയിൽ എന്നിവിടങ്ങളിലെ 18-30 നമിടയിൽ പ്രായമുള്ള തടവുകാർ.

പ്രവർത്തനരീതി :

1. ഓരോ ജയിലിലും ഒരു മണിക്കൂർ വീതമുള്ള 3 സെഷനുകൾ ആയി നിയമ ബോധന ക്ലാസ് സംഘടിപ്പിക്കുന്നു.
2. ഒരു ജയിലിൽ ഒരു മണിക്കൂർ വീതമുള്ള 10 സെക്ഷനുകൾ ആയി ജീവിത നൈപുണ്യ പരിശീലനക്ലാസ് 2 ജയിലുകളിലും നൽകുന്നു.

നേട്ടം :

ഒരു വ്യക്തിയെ കുറ്റകൃത്യത്തിലേക്ക് നയിക്കുന്നതിൽ അയാളുടെ സാമൂഹിക - സാമ്പത്തിക-മാനസിക-കുടുംബ പശ്ചാത്തലത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞതയും ഇതിന് ഒരു കാരണമാകുന്നുണ്ട്.

സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നവരിൽ പ്രധാന നിയമങ്ങളെക്കുറിച്ചും പ്രൊബേഷൻ നിയമത്തെക്കുറിച്ചും ശക്തമായ ബോധവൽക്കരണം നടത്തുന്നതിലൂടെ അവരിൽ ജീവിത ലക്ഷ്യബോധം രൂപപ്പെടുത്തുന്നതിനും വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്നതിനുള്ള പ്രവണത കുറയ്ക്കുന്നതിനും സാധിക്കും.

സാമ്പത്തിക വിശകലനം :

1. റിസോഴ്സ് പേഴ്സൺ -ഹോണറേറിയം -( നിയമ ബോധനം )1*3*2= 6 മണിക്കൂർ*1500= 9000/-

2. ജീവിത നൈപുണ്യ പരിശീലന ക്ലാസ്സ് - 1*10*2= 20 മണിക്കൂർ *1500=30000/-

3 സ്റ്റേഷനെറി 3000/-

4.ബാനർ& നോട്ടീസ് - 1500/-

ആകെ=43500/- രൂപ

മേൽ പ്രവർത്തനങ്ങൾ തടവുകാരിൽ പ്രൊബേഷൻ നിയമത്തിന്റെ പ്രയോജനത്തെകുറിച്ച് മനസ്സിലാക്കുന്നതിനും വ്യക്തിത്വ വികസനം സാധ്യമാക്കി ജീവിത ലക്ഷ്യബോധം ഉണ്ടാക്കി എടുക്കുന്നതിനും സാധിക്കുമെന്നതിനാൽ ടി പ്രപ്പോസൽ അംഗീകരിക്കുന്നു.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലെ രണ്ട് ജയിലുകളിൽ തടവുകാരായി കഴിയുന്നവർക്ക് നിയമ ബോധന ക്ലാസുകൾ നടത്തുന്നതിനും ജീവിത നൈപുണ്യ പരിശീലനം നടത്തുന്നതിലേക്കുമായി വയനാട് ജില്ലാ പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചും ആയതിലേക്ക് ആവശ്യമായ 43,500 രൂപ ( നാല്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം ) വയനാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ പേരിൽ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്ക് ആവശ്യമായ തുക നടപ്പുവർഷത്തെ 2235 - 02 - 106 - 93 (P) ശീർഷത്തിൽ നിന്നും വഹിക്കാവുന്നതാണ്. ടി പരിപാടി സംഘടിപ്പിച്ച ശേഷം വിശദമായ റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

ജില്ലാ പ്രൊബേഷൻ ഓഫീസർ, വയനാട്

പകർപ്പ് :

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, വയനാട്
2. സൂപ്രണ്ട് എ,ബി & പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്